ലോക ഗജദിനമായ ഓഗസ്റ്റ് 12 ന് മലയാളമനോരമ ദിനപത്രത്തിൽ വന്ന കൗതുകകരമായ ഒരു വാർത്തയുടെ തലക്കെട്ട് "ഒറ്റനോട്ടത്തിൽ ആനയെ പറയും ആനക്കഥകൾ ഓർത്തുപറയും" എന്നായിരുന്നു. "150 നാട്ടാനകളെ ഓർത്തുവച്ചും പഠിച്ചും ഒരു ബാങ്ക് മാനേജർ" എന്ന് ഒരടിക്കുറിപ്പും.
വാർത്തയോട് തോന്നിയ കൗതുകം അന്വേഷണത്തിലേക്ക് തിരിയുമ്പോൾ മുന്നിലെത്തിയത് കൊല്ലം ആശ്രാമത്തുകാരനായ യുവ ബാങ്കർ ആണ്. ഒരു അൽ ട്രോളൻ ബാങ്കർ.
അന്ന് തന്നെ ചില വാർത്താ ചാനലുകളിലും നിറഞ്ഞു നിന്ന ഈ യുവാവാണ് ഇന്നത്തെ ദളത്തെ സമ്പന്നമാക്കുന്നത്.
ശരത് ആശ്രാമം,
കേരള ഗ്രാമീൺ ബാങ്ക്,
ഫറൂക്ക് ചുങ്കം ശാഖ.
ആശ്രാമം കാവടിപ്പുറം സ്വദേശി വിദ്യാഭ്യാസവകുപ്പിൽ നിന്നും റിട്ടയർ ചെയ്ത ശ്രീ ബാബുവിന്റെയും വീട്ടമ്മയായ ബീനയുടെയും മകനായ ശരത് കെ ജി ക്ലാസ്സ് മുതൽ മൂന്നാം ക്ലാസ്സ് വരെ ഉളിയക്കോവിൽ സെയിന്റ് മേരീസ് സ്കൂളിൽ ആയിരുന്നു പഠനം. നാലിൽ ദേവമാതായിലും തുടർന്നു പത്താം ക്ലാസ്സ് വരെ ട്രിനിറ്റി ലൈസിയത്തിലും. പ്ലസ് ടു കാലം ടി കെ എം പബ്ലിക് സ്കൂളിൽ ആയിരുന്നു.
പത്താം ക്ലാസ്സ് വരെ പഠിച്ച സ്കൂളുകളിൽ കലാമത്സരങ്ങൾക്കൊന്നും വലിയ പ്രാധാന്യം ഇല്ലാതിരുന്നത് കൊണ്ട് മത്സരങ്ങൾക്ക് പങ്കെടുക്കാനോ സമ്മാനങ്ങൾ നേടാനോ ഉള്ള അവസരങ്ങൾ കുറവായിരുന്നു. എന്നാൽ കിട്ടിയ അവസരങ്ങളിലൊക്കെ വാദ്യോപകരണസംഗീത മത്സരങ്ങളിൽ സമ്മാനങ്ങൾ നേടുകയും ചെയ്തിട്ടുണ്ട്.
ആറാം വയസ്സ് മുതൽ കൊല്ലം ജവഹർ ബാലഭവനിൽ മുളങ്കാടകം ഭാസി സാറിന് കീഴിൽ മൃദംഗം അഭ്യസിച്ചു തുടങ്ങിയ ശരത് ഹൈസ്കൂളിൽ പഠിക്കുന്ന കാലത്താണ് ആ കലയിൽ അരങ്ങേറ്റം കുറിക്കുന്നത്.
ചരിത്രപ്രസിദ്ധമായ ആശ്രാമം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ഒരു ശ്രീകൃഷ്ണജയന്തി ദിനാഘോഷത്തിൽ ആയിരുന്നു അരങ്ങേറ്റം. വോക്കൽ പ്രശസ്ത സംഗീതജ്ഞൻ ശ്രീ കൊല്ലം ശിവൻ. അതേപ്പറ്റി ഓർക്കുമ്പോൾ ഇന്നും ശരത്തിന്റെ മനസ്സ് പുളകം കൊള്ളും.
മൃദംഗം വായിക്കാൻ പിന്നീട് റെസിഡന്റ്സ് അസോസിയേഷൻ പരിപാടികളിലും ബാങ്കിന്റെ ചില ആഘോഷങ്ങളിലും അവസരങ്ങൾ ഏറെ ലഭിച്ചിട്ടുണ്ടെങ്കിലും ആശ്രാമം ക്ഷേത്രത്തിൽ പിന്നീട് ഒരുത്സവക്കാലത്ത് ചാത്തന്നൂർ ദീപുവിനൊപ്പം വീട്ടുകാർക്കും സുഹൃത്തുക്കൾക്കും മുന്നിൽ വിളമ്പിയ സംഗീതസദ്യയാണ് ശരത്തിന് എന്നും പ്രിയങ്കരം.
പ്ലസ് ടു കഴിഞ്ഞ് ശരത് യൂനുസ് കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ ചേർന്നു. മെക്കാനിക്കൽ വിഭാഗത്തിൽ ആയിരുന്നത് കൊണ്ട് അവിടെയും പലപ്പോഴും കലാലോകത്തേക്ക് അധികം കടന്നുചെല്ലാൻ കഴിയുമായിരുന്നില്ല എന്ന് പറയുമ്പോൾ ശരത്തിന്റെ വാക്കുകളിൽ നേരിയ നിരാശയുണ്ടായിരുന്നു.
എഞ്ചിനീയറിങ്ങ് പഠനശേഷം ബാങ്ക് കോച്ചിങ്ങിന് പഠിക്കുന്ന കാലത്താണ് തന്റെ കലാവാസനകൾ പ്രകടിപ്പിക്കാൻ ശരത്തിന് അവസരങ്ങൾ ലഭിക്കുന്നത്. അവിടത്തെ അധ്യാപകർ തന്റെ കഴിവുകൾ കണ്ടറിഞ്ഞതും സുഹൃത്തുക്കൾ നിറഞ്ഞ പ്രോത്സാഹനം നൽകിയതും

പറയുമ്പോൾ വല്ലാത്ത സന്തോഷവും അഭിമാനവും നിറഞ്ഞു ശരത്തിന്റെ വാക്കുകളിൽ.
2015ൽ പ്രവേശനപരീക്ഷയിലൂടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ചേർന്ന ശരത് 2016ൽ മറ്റൊരു പ്രവേശനപരീക്ഷയിലൂടെ കേരള ഗ്രാമീൺ ബാങ്കിൽ പ്രൊബേഷനറി ഓഫീസർ ആയി. വളാഞ്ചേരി ശാഖയിൽ ആയിരുന്നു ആദ്യനിയമനം. 2019ൽ അവിടെ നിന്നും രാമനാട്ടുകര ശാഖയിലേക്ക്. ഈ ഓണഅവധിക്ക് ശേഷം ശരത് പുതിയ ശാഖയിൽ ആണ്, കോഴിക്കോട് ജില്ലയിൽ തന്നെ ഫറൂക്ക് ചുങ്കം ശാഖയിൽ.
കുട്ടിക്കാലം മുതൽ ചിത്രം വരയും ശരത്തിന് ഏറെ പ്രിയമായിരുന്നെങ്കിലും ശാസ്ത്രീയമായി അത് അഭ്യസിക്കുന്നത് അവധിക്കാലത്ത് ജവഹർ ബാലഭവനിൽ മാത്രമായിരുന്നു. പെൻസിൽ ഡ്രായിങ് ഏറെ ഇഷ്ടപ്പെടുന്ന ശരത് വരച്ചു തുടങ്ങിയ കാലം മുതലുള്ള ചിത്രങ്ങൾ ഇന്നും നിധി പോലെ സൂക്ഷിക്കുന്നുണ്ട്.
അന്ന് ചിത്രങ്ങളിൽ പ്രധാനവിഷയം ആനകൾ ആയിരുന്നു. ഉത്സവത്തിന് ആനകൾക്ക് ഏറെ പ്രാധാന്യം അന്നും ഇന്നും നൽകിയിരുന്ന ആശ്രാമം ക്ഷേത്രത്തിൽ ആനപ്രേമിയായ അച്ഛനൊപ്പം നടന്ന് ആനചന്തം ആസ്വദിച്ച ബാലന് ആ പ്രേമം തോന്നുക സ്വാഭാവികം.
ആറാം വയസ്സിൽ വിഷുക്കൈനീട്ടം കിട്ടിയ കാശ് ആനക്കാരന് കൊടുത്ത് ആശ്രാമം കാരുടെ പ്രിയങ്കരനായിരുന്ന ഗോപാലകൃഷ്ണൻ എന്ന ആനയുടെ പുറത്ത് കയറിയ കഥ പറയുമ്പോൾ ശരത്തിന്റെ കണ്ണുകളിൽ കുസൃതി തിരയിളക്കി, ചുണ്ടിൽ ചിരി വിരിഞ്ഞു.
അന്ന് മുതൽ പത്രങ്ങളിൽ വരുന്ന ആനകളെക്കുറിച്ചുള്ള വാർത്തകളും ചിത്രകഥകളിലെ ആനച്ചിത്രങ്ങളും ശേഖരിച്ചു സൂക്ഷിക്കുക ശരത്തിന്റെ വിനോദമായി. പിന്നെ പിന്നെ ആനകൾ ഒരു ഹരമായി. പ്രശസ്തിയുള്ള ആനകൾ അണിനിരക്കുന്ന ക്ഷേത്രോത്സവങ്ങളിൽ പങ്കെടുക്കുന്നതും അതിന് വേണ്ടി യാത്ര ചെയ്യുന്നതും ജീവിതചര്യയായി. ആനകളുടെ ലക്ഷണങ്ങൾ സശ്രദ്ധം പഠിച്ചു തുടങ്ങിയതോടെ വിജ്ഞാനത്തിന് പുതിയ തലങ്ങളായി. ഒരാനയുടെ ചിത്രം കണ്ടാൽ അതിന്റെ ഉയരം, പ്രായം, പേര് എന്നിവ മാത്രമല്ല അതിന്റെ ഉടമ ആര്, ഇപ്പോൾ ഏത് നാട്ടിൽ ഇതൊക്കെ ശരത്തിന് മനഃപാഠമായി.
ആനകളെക്കുറിച്ച് പഠിക്കാൻ ശരത് നടത്തിയ യാത്രകൾ ഏറെയാണ്. മുതുമല, മുത്തങ്ങ, കോട്ടൂർ, കോടനാട്, കോന്നി, ഗുരുവായൂർ, പരവൂർ തുടങ്ങിയ സ്ഥലങ്ങൾ മാത്രമല്ല ചില പേര് കേട്ട ആനകളെ കാണാൻ ആ ആനകളുടെ നാട്ടിൽ പോകാനും അവയെ അടുത്ത് കാണാനും ശരത് സമയം കണ്ടെത്തും.
2017 മുതൽ നമ്മുടെ ട്രോൾ ഗ്രൂപ്പിൽ സജീവമാണ് ശരത്. വെറും നർമം എന്ന നിലയിൽ മാത്രമല്ല ശരത് ട്രോളുകൾ കൈകാര്യം ചെയ്യുക, ബാങ്ക് ജീവനക്കാർ നേരിടുന്ന വൈഷമ്യങ്ങൾ കൂടി അതിലൂടെ പറയാൻ ശ്രമിക്കാറുണ്ടെങ്കിലും അത് ഗ്രൂപ്പിൽ വേണ്ട പോലെ ചർച്ച ചെയ്യപ്പെടുന്നില്ല എന്ന പരിഭവം കൂടി 125 ഓളം ട്രോളുകൾ ഗ്രൂപ്പിൽ അവതരിപ്പിച്ചിട്ടുള്ള ശരത് പങ്ക് വച്ചു. എന്നാൽ ബാങ്ക് ജീവനക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ അവതരിപ്പിച്ച ഒരു ട്രോളിൽ കമന്റുകളിലൂടെ ലഭിച്ചത് മികച്ച പ്രതികരണമാണെന്നും ശരത് ഓർക്കുന്നു. ഇപ്പോൾ ട്രോൾ ഗ്രൂപ്പിൽ വരുന്ന ഉപ്പൂപ്പ-കൊച്ചുമകൻ സീരീസ് പോലും ഇത്തരം വിഷയങ്ങളുടെ തുടർച്ചയാണ്.

ശരത്തിന്റെ മറ്റൊരിഷ്ട മേഖലയാണ് റീൽസ്. ഇതിൽ പലരും പലതരത്തിലുള്ള പ്രകടനങ്ങളും കാഴ്ച്ച വയ്ക്കാറുണ്ടെങ്കിലും ശരത്തിന്റേത് ഒരു പ്രത്യേക ജനുസ്സിൽ പെട്ടവയാണ്. സുരേഷ് ഗോപി, മോഹൻലാൽ, എം ജി ശ്രീകുമാർ തുടങ്ങിയവരുടെ അഭിമുഖങ്ങൾ വളരെ തന്മയത്വത്തോടെയാണ് ശരത് അവതരിപ്പിക്കുക. ശാസ്ത്രീയസംഗീതം തീരെ അഭ്യസിക്കാത്ത ശരത് എം ജി ശ്രീകുമാർ മോഹൻലാലിന്റെ അഭിനയമികവിനെ കുറിച്ച് പറഞ്ഞ ഇന്റർവ്യൂ ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ്. ചിത്രം എന്ന സിനിമയിലെ സ്വാമിനാഥപരിപാലയ.. എന്ന ഗാനത്തിന്റെ ലിപ് മൂവിമെന്റിന്റെ വീഡിയോ ഏതാണ്ട് അഞ്ച് മണിക്കൂർ തയാറെടുപ്പിലാണ് ശരത് ചെയ്തത് എന്നത് ആ അർപണബോധത്തിന്റെ മികച്ച ഉദാഹരണം ആണ്.
ശരത്തിന്റെ കൗതുകങ്ങൾ തീരുന്നില്ല. മൊബൈലുകളുടെയും സെൽഫിയുടെയും കാലത്തിന് മുൻപ് പ്രശസ്തരായവരെ കാണാനും പരിചയപ്പെടാനും അവസരം കിട്ടിയാൽ ഓട്ടോഗ്രാഫ് വാങ്ങുന്ന കാലത്ത് സ്വന്തമാക്കിയ നിരവധി പ്രഗത്ഭരുടെ കയ്യൊപ്പുകൾ ഇന്നും നിധി പോലെ കാത്ത് സൂക്ഷിക്കുന്നുണ്ട് ശരത്.
കലയും സാഹിത്യവും അന്യമല്ല ശരത്തിന്. പ്രശസ്ത പുസ്തകപ്രസാധകൻ സങ്കീർത്തനം പബ്ലിക്കേഷൻസ് ഉടമ ആശ്രാമം ഭാസി ശരത്തിന്റെ പിതൃസഹോദരനാണ്. അദ്ദേഹത്തിന്റെ അഭിമുഖം പോലും റീൽസിൽ വിഷയമാക്കിയിട്ടുണ്ട് ശരത്.
ബയോടെക്നോളജിയിൽ ഡോക്ടറേറ്റ് നേടി ആ മേഖലയിൽ ഗവേഷണം നടത്തുന്ന ഡോക്ടർ സ്വാതിയാണ് ശരത്തിന്റെ സഹോദരി. സ്വാതിയുടെ കവിതാ സമാഹാരം "മിഠായികവിതകൾ" ഈ ആഗസ്റ്റ് 13 നാണ് പ്രകാശനം ചെയ്യപ്പെട്ടത്. മെർക്കിൽ ജോലി ചെയ്യുന്ന ദീപക് സുബ്രമണ്യൻ സഹോദരീ ഭർത്താവും രണ്ട് വയസ്സുള്ള റയാൻഷ് സഹോദരിയുടെ മകനുമാണ്.
ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിനെ ഏറെ ഇഷ്ടപ്പെടുന്ന, സ്നേഹിക്കുന്ന ശരത് ഗ്രൂപ്പ് നടത്തിയ ഹൈക്കു മത്സരത്തിൽ ഇങ്ങനെ എഴുതി.
"കവിത എഴുതാത്തവരുടെ മനസ്സിലും കാവ്യാനുഭൂതി ഉണർത്തും TB ആണെൻ ചങ്ങായി"
മാതാപിതാക്കൾക്കും ജീവിതപങ്കാളിയും ബി എഡ് ബിരുദധാരിണിയുമായ അഭയാമോഹനും ഒപ്പം കൊല്ലത്തു തന്നെ താമസമാക്കിയിരിക്കുന്ന ശരത് തന്റെ ട്രോളുകളും, റീലുകളും ആനക്കമ്പവും ഒക്കെയായി കൂടുതൽ സജീവമാകട്ടെ എന്ന് ഹൃദയപൂർവം ആശംസിക്കുന്നു.

----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം
English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram
അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

----------------------------------------------------------------------------------------------

On the World Elephant Day which fell on August 12, an interesting piece of news grabbed headline of the Malayala Manorama newspaper.It read "Recognizing an elephant at a glance and remembering elephant stories",the theme of which centred around a bank manager who

memorized and studied indepth about 150 elephants." Our quest out of curiousity came to fruition upon coming across an young banker hailing from Ashramam,kollam.
This young man, who rose to fame through some news channels back then, is whom we are about to acquaint you all with through this column,this week.
Sarath Ashramam,
Kerala Gramin Bank,
Feroke Chungam Branch.
Born to Mr. Babu who retired from the Department of Education, Kavadippuram,Ashraamam and Mrs Beena,a house wife,Sarath had his schooling at St. Mary's School, Uliyakovil from KG Class to Class III and there after at Devamatha in Class four and in Trinity Lyceum till Class 10. He did his Plus two at TKM Public School.Chances were slim to participate in competitions during his school days. However, he used to win prizes in instrumental music competitions and as such exploited whatsoever opportunities he came across.
Sarath began learning mridangam at the age of six, under the tutelage of Shri Mulankadakam Bhasi at Jawahar Bala Bhavan in Kollam.His debut performance was at Sri Krishna Jayanthi celebration at the famed Sri Krishnaswamy Temple located at Ashramam.His magical fingers played well commensurate with the rhythm of the divine music of the singer, Shri Kollam Sivan.Sarath's still feels excited when he thinks about it.
Although he later got the opportunity to play Mridangam at events hosted by Residents Associations and at bank's celebrations,the performance he likes the most is the musical feast he presented along with Chathannoor Deepu before his family and friends at the Ashramam Temple during a festive season.
After completing his Plus Two, Sarath joined Younus College of Engineering where he didn't get much opportunity to nurture his talents since he was in the mechanical engineering department. However he drew inspiration from his teachers at the bank coaching centre where he enrolled for realising his dream of a career in banking.
Sarath joined State Bank of Travancore in 2015 and later joined Kerala Grameen Bank as a probationary officer in in 2016 after getting through another examination. His first assignment was at the Valancherry branch.He got transferred to Ramanattukara branch in 2019 and is presently working at Feroke Chungam branch in Kozhikode.
Although Sarath loved drawing since childhood, he started learning it from Jawahar Bal Bhavan. The theme of his drawings were mostly elephants.He having had a father who was an elephant lover,by instinct, had an inclination towards elephants.
When he recollected his childhood memory of spending the amount he got as Vishu Kaineetam for the purpose of climbing on the back of an elephant,at the age of six,his eyes gleamed.
Since childhood, it was his hobby to collect information and pictures about elephants. He studied indepth about the traits of elephants.Just looking at an elephant's picture Sarath can tell its height,age, name, who owns it, and in which place it is from.
Sarath has travelled extensively to places like Mudumalai, Muthanga, Kottur, Kodanad, Konni, Guruvayur and Paravur, to amass more knowledge about elephants.He sets aside time to visit home towns of famous elephants and meet them.
Sarath has been active in our troll group since 2017. He throws light on problems encountered with by the bank employees through his trolls.He shares his concern that those are not being much paid heed to in the group. But Sarath recalls that he received tremendous responses for a troll which pertained to the health issues of bank employees. Even the 'Uppooppa-Kochumakan' series, is a sequel to these trolls.
Sarath presents the interviews of Shri Suresh Gopi,Shri.MG Sreekumar and Shri Mohanlal through reels in a way which is really appealing.He who has not learnt classical music devoted

almost five hours of preparation in the making of the video of lip movement for the song ' Swaminatha Paripalaya'..from the movie 'Chithram'
His curiosity is so relentless that he treasures the autographs of many of the celebrities whom he came across with before the times of mobiles and selfies.
The founder of Sankeerthanam Publications Shri Ashraamam Bhasi is his uncle.Sarath has made his interview the subject of reels.
Sarath's sister is Dr. Swathi, who holds a doctorate in biotechnology and is presently doing research in the field. Swathi's collection of poems "Mithayikavithakal" was released on August 13. Her husband, Deepak Subramanian, works at Merck and they have a two year old son, Ryansh.
Sarath believes that TB is a friend who awakens the poetic feeling in the minds of those who do not write poetry. He lives in Kollam with his parents and his better half,Abhaya Mohan who holds a BEd degree.
Talented Bankers Community wishes Sarath all the best in the days to come.May he keep on exciting us with his trolls,reels and unwavering love for elephants.